**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

## പോലീസ് സേനാംഗങ്ങളുടെ ആത്മഹത്യയുടെ കാരണങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2013. 4/11/2019-ൽ മറുപടിക്ക്**

**ചോദ്യം**

**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2018-ൽ പോലീസ് സേനയിൽ 18 പേർ ആത്മഹത്യ ചെയ്തുവെന്നും സമീപകാലത്ത് സ്വയം മരണം കൈവരിച്ച പോലീസ് സേനാംഗങ്ങൾ 66 പേരാണെന്നതും പരിശോധിക്കുകയുണ്ടായോ; | (എ) | 2018-ൽ പോലീസ് സേനയിലെ 13 പേർ ആണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് 51 പോലീസ് സേനാംഗങ്ങൾ ആണ് സ്വയം മരണം കൈവരിച്ചിട്ടുള്ളത്. |
| (ബി) | 2015 മുതൽ ഓരോ വർഷവും ആത്മഹത്യ ചെയ്യുന്ന പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും ഇത് ദേശീയ ആത്മഹത്യാ നിരക്കിന്റെ ഇരട്ടിയിലധികമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2015 വർഷത്തിൽ 7-ഉം, 2016-ൽ 15-ഉം, 2017 ൽ 14-ഉം, 2018 ൽ 13-ഉം, 2019 ൽ (28/10/2019 വരെ) 12-ഉം പോലീസുദ്യോഗസ്ഥർ ആണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. എൻ.സി.ആർ.ബി.യുടെ ക്രൈം ഇൻ ഇൻഡ്യ പ്രസിദ്ധീകരണം അനുസരിച്ച് 2015 വർഷത്തിൽ ദേശീയതലത്തിൽ ആത്മഹത്യ ചെയ്ത പോലീസുകാരുടെ എണ്ണം 167 ആണ്. ദേശീയ ആത്മഹത്യ നിരക്കിന്റെ ഇരട്ടിയിലധികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | അമിത ജോലിഭാരവും മേലുദ്യോഗസ്ഥന്മാരുടെ അധികാര പ്രവണതകളും സൃഷ്ടിക്കുന്ന കടുത്ത മാനസിക സമ്മർദ്ദം ആത്മഹത്യക്ക് കാരണമാകുന്നു എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (സി) | അമിത ജോലിഭാരവും മേലുദ്യോഗസ്ഥരുടെ അധികാരപ്രവണതകളും സൃഷ്ടിക്കുന്ന കടുത്ത മാനസിക സമ്മർദ്ദം ആത്മഹത്യക്ക് കാരണമായതായി കണ്ടെത്തിയിട്ടില്ല. എന്നിരുന്നാലും പോലീസ് ഉദ്യോഗസ്ഥരുടെ ജോലിസ്ഥലത്തെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സ്ട്രെസ് കുറയ്ക്കുന്നതിനും Help and Assistants to Tackle Stress (HATS) പോലുള്ള സംവിധാനങ്ങൾ മുഖേന ആവശ്യമായ പോലീസ് ഉദ്യോഗസ്ഥർക്ക് കൗൺസലിംഗ് നടത്തി വരുന്നു. |
| (ഡി) | എങ്കിൽ പോലീസ് സേനാംഗങ്ങൾ അനുഭവിക്കുന്ന മാനസിക സമ്മർദ്ദങ്ങളും അവയുടെ പരിഹാരങ്ങളും പഠിക്കുന്നതിന് പോലീസ് സേനാ വിഭാഗത്തിന് പുറത്ത് നിന്നുള്ള ഒരു സമിതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ? | (ഡി) | നിലിവിൽ പരിഗണനയിലില്ല. സേനക്കുള്ളിലെതന്നെ ഉദ്യോഗസ്ഥർ തങ്ങളുടെ കീഴ്ജീവനക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവർക്ക് ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിനുള്ള സംവിധാനങ്ങൾ നൽകുന്നതാണ് ഇക്കാര്യത്തിൽ ഉചിതമാവുക. |

സെക്ഷൻ ഓഫീസർ